**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ പി.ഉമ്മർ എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ. പി.ഷംസുദ്ദീന് പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.**120/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം, **28/09/2019.**

പരാമർശം :

1. ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2. ജി.ഒ.(പി) നം. 14/10/പി & എ ആർ.ഡി തീയതി, 12/04/2010.
3. ശ്രീ. പി.ഷംസുദ്ദീന്റെ 29/01/2018 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 14.11.2018, 11.07.2019 എന്നീ തീയതികളിലെ PAN/23289/2018/-E14-(DP) നം. കത്ത്.
5. പാലക്കാട് ജില്ലാ കളക്ടറുടെ 20/05/2019 ലെ DCPKD/2844/2019-A3 നം. കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ പി.ഉമ്മർ എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ. പി.ഷംസുദ്ദീൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു പരേതനായ പി.ഉമ്മറിന് 20 വർഷവും 9 മാസവും 28 ദിവസവും സേവനകാലമുണ്ട്.

2. പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ 07.08.2016 ലാണ് പി.ഉമ്മർ നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ. പി.ഷംസുദ്ദീൻ പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 20.04.1966 ആണ്. അപേക്ഷകന് 53 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ 5-ാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ പി.ഉമ്മറിന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന

രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 48,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും പാലക്കാട് ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കേ മരണമടഞ്ഞ പി.ഉമ്മറിന്റെ മകനും ആശ്രിതനുമായ ശ്രീ. പി.ഷംസുദ്ദീൻ ന്റെ (പൊക്കാളത്തിൽ വീട്, വല്ലപ്പുഴ, പാലക്കാട് 679336) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ പി.ഉമ്മറിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീ. പി.ഷംസുദ്ദീൻ (പൊക്കാളത്തിൽ വീട്, വല്ലപ്പുഴ, പാലക്കാട് 679336) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, പാലക്കാട്.
സെക്രട്ടറി, വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്, പാലക്കാട്. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/02/19 /തസ്വഭവ)

ഉത്തരവിൻപ്രകാരം

Denny M J

സെക്ഷൻ ഓഫീസർ